"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ആലപ്പുഴ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കെട്ടിട നിർമ്മാണാനുമതി നൽകിയതിൽ കണ്ടെത്തിയ ക്രമക്കേട് - ശ്രീ.ജഹാംഗീർ, സെക്രട്ടറിക്ക് എതിരെ ആരംഭിച്ച അച്ചടക്കനടപടി തുടർ നടപടി അവസാനിപ്പിച്ച് തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.899/2023/LSGD തീയതി,തിരുവനന്തപുരം, 20-04-2023

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 01.01.2019 ലെ ഇ6 (എസ്.സി.25/18/എഎൽപി) 37924/2018 നമ്പർ കത്ത്.
2. വിജിലൻസ് വകുപ്പിന്റെ 05.02.2019 ലെ വിജ്-ഡി1/38/2019-വിജ് നമ്പർ കത്ത്.
3. 04.02.2021 ലെ ഇ.യു1/243/2020/തസ്വഭവ നമ്പർ കുറ്റാരോപണ പത്രം.
4. കുറ്റാരോപണ പത്രത്തിന് ലഭ്യമാക്കിയ 12.04.2021 ലെ മറുപടി.
5. കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ 19.11.2021 ലെ ജി-2776/2021 നമ്പർ റിപ്പോർട്ട്.
5. നഗരകാര്യഡയറക്ടറുടെ 14.02.2022 ലെ വി1-4626/2021 നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ 03.11.2018- ൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി.

1. ടി ഓഫീസിലെ ഉദ്യോഗസ്ഥർ കൃത്യമായി പേഴ്സണൽ ക്യാഷ് ഡിക്ലയർ ചെയ്യുന്നില്ല.
2. 2018 - ൽ ബിൽഡിങ്ങ് പെർമിറ്റിനു ലഭിച്ച 2004 അപേക്ഷകളിൽ 286 അപേക്ഷകളെപ്പറ്റി വിവരങ്ങൾ ഒന്നും ലഭ്യമല്ല.
3. ഇ3, ഇ5, ഇ6 സെക്ഷൻ ക്ലർക്കുമാർ പേഴ്സണൽ രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ എന്നിവ

കൃത്യമായി എഴുതി സൂക്ഷിച്ചുകാണുന്നില്ല.

4. മുനിസിപ്പൽ വാർഡിൽ അനധികൃതമായി നിർമ്മിച്ച ഐ.എൻ.ടി.യു.സി. യുടെ കെട്ടിടം എസ്.സി 3/17/എ.എൽ.പി-യിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പൊളിച്ചുനീക്കിയിട്ടില്ല.
5. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 27.01.2018 ലെ തസ്വഭവ (ഇ.യു) ഉത്തരവ് നമ്പർ 1/448/2017 പ്രകാരം ആൾ മാറാട്ടം നടത്തിയ ആൾക്കെതിരെ ഐ.പി.സി. 419, 420 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു കാണുന്നില്ല.
6. 16/05/2018 ൽ ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. യ്ക്ക് കത്ത് നൽകുകയും തുടർന്ന് 25/05/2018 ൽ ബിൽഡിങ് ഇൻസ്പെക്ടർ ബ്രിജിത്ത് മൊഴി നൽകിയിട്ടുണ്ടെങ്കിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതാണ്.
7. പഗോഡ റിസോർട്ടിന്റെ അനധികൃത നിർമ്മാണത്തിന് എഞ്ചിനീയറിങ് വിഭാഗത്തിന്റെ ഭാഗത്തുനിന്നും സർക്കാരിന് നഷ്ടം ഉണ്ടാകുന്ന വിധത്തിലും നിയമങ്ങൾക്ക് വിപരീതമായും വഴിവിട്ട സഹായം ലഭിച്ചുവെന്നും അന്വേഷണത്തിൽ വ്യക്തമായി.
8. ഫയൽ നം.ഇ3-26061/18 മേൽ മുനിസിപ്പൽ എഞ്ചിനീയർ സ്വീകരിച്ച നടപടികൾ നിയമാനുസൃതമല്ല.
9. ഫയൽ നം.ഇ3-15651/18 ൽ പുറപ്പെടുവിച്ച സെക്രട്ടറിയുടെ ഉത്തരവ് നടപ്പാക്കി കാണുന്നില്ല.
10. ഐ.എൻ.ടി.യു.സി. യുടെ കെട്ടിടം പൊളിച്ചുനീക്കുന്നതിനാവശ്യമായ 120000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 30.11.2011 ൽ ഇ5 (ഇ3) 7895/2011 നമ്പർ പ്രകാരം സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും കൗൺസിൽ ആയത് അജണ്ടയായി പരിഗണിച്ച് അനുമതി നൽകാത്തത് അധികാര ദുർവിനിയോഗവും സ്വജനപക്ഷപാതവുമാണ്.
11. നഗരാതിർത്തിയിൽ മാളുകൾ, ഓഡിറ്റോറിയങ്ങൾ എന്നിവയ്ക്ക് അനുവദിച്ചിട്ടുള്ള പാർക്കിങ് സൗകര്യം പെർമിറ്റ് അനുവദിച്ച ശേഷം കെട്ടിയടച്ച് മറ്റ് വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് നഗരത്തിലെ ഗതാഗതക്കുരുക്കിന് കാരണമാകുന്നു.

2. പ്രസ്തുത വീഴ്ചകൾക്ക് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. ജഹാംഗീറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തു. വിജിലൻസ് ഡയറക്ടറുടെ മേൽ ശിപാർശയനുസരിച്ച് ശ്രീ. ജഹാംഗീറിനെതിരെ KCS (CC&A) Rules 1960 - ലെ ചട്ടം 16 പ്രകാരം ലഘുശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാന് കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച പരാമർശം (4) ലെ പ്രതിവാദ പത്രികയിന്മേലുള്ള ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്മേൽ നഗരകാര്യ ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

3. ആലപ്പുഴ മുനിസിപ്പൽ ഓഫീസ് വാർഡിൽ സ്ഥിതി ചെയ്യുന്ന INTUC കെട്ടിടം പൊളിച്ചു നീക്കി തൽസ്ഥാനത്ത് നഗരസഭയിൽ നിന്നും ലഭിച്ച അനുമതിക്കും അംഗീകരിച്ച പ്ലാനിനും

വിപരീതമായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് കെട്ടിടം നിർമ്മിക്കുന്നതായ പരാതിയുടെ അടിസ്ഥാനത്തിൽ 26/05/2017-ൽ ആലപ്പുഴ വിജിലൻസിൽ നിന്നും SC8/17/ALP നമ്പറായി ഒരു മിന്നൽ പരിശോധന നടത്തിയിട്ടുള്ളതും അനധികൃത നിർമ്മാണത്തിനെതിരെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 1994, KMBR പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് സമയബന്ധിതമായി തീർപ്പാക്കണമെന്ന് നിർദ്ദേശമുണ്ടായിട്ടും നടപടി സ്വീകരിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ പ്രസിഡന്റ്/ സെക്രട്ടറി INTUC മുനിസിപ്പൽ വാർഡ്, ആലപ്പുഴ എന്ന പേരിൽ 27/04/2017-ലെ ഇ5 (ഇ3) 7895/11 -ാം ഉത്തരവ് നഗരസഭയിൽ നിന്നും 09/05/2017-ൽ ആൾമാറാട്ടം നടത്തി കൈപ്പറ്റിയ ശ്രീ.സതീശൻ എന്ന വ്യക്തിക്കെതിരെ IPC 419, 420 വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യണമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 27/01/2018 തീയതിയിലെ നിർദ്ദേശം ലഭിച്ചിരുന്നുവെങ്കിലും ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തതായോ FIR-ന്റെ പകർപ്പ് ശേഖരിച്ചതായോ ഫയലിൽ കണ്ടെത്താനായില്ല. ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷൻ SHO, ഈ ഫയലിനെ കുറിച്ച് കൂടുതൽ അറിയാവുന്ന ഒരു ഉദ്യോഗസ്ഥൻ നേരിട്ട് ഹാജരായി മൊഴി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നഗരസഭയിൽ നിന്നും മിന്നൽ പരിശോധനയിൽ കുറ്റാരോപിതനായി പറയുന്ന ശ്രീമതി.ബ്രിജിത്തിനെയാണ്അയച്ചിരുന്നത്. വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകളിൻമേൽ സെക്രട്ടറി നടപടി സ്വീകരിക്കാതിരുന്നത് ഗൗരവകരമായ വീഴ്ചയായതിനാലാണ് ശ്രീ.ജഹാംഗീർ എസ് നെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിരുന്നത്.

4. ശ്രീ.ജഹാംഗീർ എസ്-ന്റെ പ്രതിവാദപത്രികയിൽ ചുവടെ പറയുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

- ശ്രീ. ജഹാംഗീർ സെക്രട്ടറിയായി ചാർജ്ജ് എടുക്കുന്നതിന് മുമ്പാണ് കുറ്റാരോപണ പത്രത്തിൽ പ്രതിപാദിക്കുന്ന INTUC കെട്ടിടത്തിന് റൂൾ 100 പ്രകാരം പെർമിറ്റ് നൽകിയിട്ടുള്ളത്.

- 26/05/2017-ൽ ആലപ്പുഴ വിജിലൻസ് ഓഫീസിൽ നിന്നും നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ നൽകിയ ശിപാർശകൾ നടപ്പിലാക്കുന്നതിന് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്ത് നഗരകാര്യ ഡയറക്ടർ മുഖാന്തിരം 12/04/2018-ൽ നഗരസഭയിൽ ലഭിച്ചിരുന്നു. ആയതിന്മേൽ നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

- അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിന് നൽകിയ കൺഫർമേഷൻ ഉത്തരവിനെതിരെ INTUC പ്രസിഡന്റ് നൽകിയ റിട്ട് ഹർജിയിന്മേൽ (WP (C)No.21169/2017) 28/06/2017- ന താൽക്കാലിക സ്റ്റേ ഉത്തരവ് ഉണ്ടാവുകയും തുടർന്ന് ടി കേസ് തീർപ്പായിട്ടില്ലാത്തതുമാണ്. ആയതിലേയ്ക്ക് ഹൈക്കോടതി സ്റ്റാന്റിംഗ് കൗൺസിലിന് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സും വിശദീകരണവും യഥാസമയം നഗരസഭ നൽകിയിട്ടുള്ളതും ഫോളോ അപ്പ് ചെയ്തിട്ടുള്ളതുമാണ്.

- അനധികൃത നിർമ്മാണം പൊളിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി കേസ് നിലവിലുണ്ടായിരുന്നിട്ടും നഗരസഭ ഡിപ്പാർട്ട്മെന്റൽ ആയി പൊളിക്കുന്നതിനു ആവശ്യമായ ഫയൽ നടപടികളുമായി മുന്നോട്ട് പോയിക്കൊണ്ടിരുന്നു.

- അനധികൃത നിർമ്മാണം പൊളിക്കുന്നതിനു അജണ്ട സമർപ്പിച്ചുവെങ്കിലും നഗരസഭാ ചെയർമാൻ ഒരിക്കൽ പോലും ഫൈനൽ അജണ്ട ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഓവർസിയറുടെ പേരിൽ ഒരു ലക്ഷം രൂപ അഡ്വാൻസ് ആയി നൽകാൻ സെക്രട്ടറി ഉത്തരവ് നടപടി ഇറക്കുകയും കണ്ടിജന്റ് ബിൽ സെക്രട്ടറി ഒപ്പ് വച്ച് നഗരസഭാ ചെയർമാന് പലതവണ സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല.

- ആൾമാറാട്ടത്തിന് നിയമ നടപടി സ്വീകരിച്ചില്ല എന്ന പ്രസ്താവന വസ്തുതയല്ല. നഗരസഭ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ IPC സെക്ഷൻ 419, 420 പ്രകാരം ക്രൈം നമ്പർ 1403/2018 ആയി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

- കെട്ടിടം പൊളിക്കുന്നതു സംബന്ധിച്ച വിഷയം ബഹു.ഹൈക്കോടതിയുടെ പരിഗണനയിൽ ആയിരുന്നെങ്കിലും നഗരസഭാ സെക്രട്ടറിയുടെ അധികാര പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ട് ചെയ്യാൻ കഴിയുന്ന നടപടികൾ എല്ലാം നിരവ്വഹിച്ചിട്ടുള്ളതാണ്. ആയതിനാൽ കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ചു.

5. കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ആലപ്പുഴ നഗരസഭ മുനിസിപ്പൽ ആഫീസ് വാർഡിൽ സ്ഥിതിചെയ്യുന്ന INTUC കെട്ടിടത്തിന് റൂഫ് ചെയ്യുന്നതിനും മറ്റ് അറ്റകുറ്റപ്പണികൾക്കുമായി നഗരസഭയിൽ നിന്ന് ഇ5 (ബി) 2505/2014 നമ്പരായി 01/03/2016-ൽ ആണ് ആദ്യം അനുമതി നൽകിയത്. തുടർന്ന് ഈ സ്ഥലത്ത് അനധികൃത നിർമ്മാണം നടക്കുന്നതായി കണ്ടെത്തുകയും ഇതിനെതിരെ നിർമ്മാണം പൊളിച്ചു നീക്കുന്ന ചെലവിലേക്ക് 1,00,000/- രൂപയുടെ ബിൽ 30/11/2017-ൽ തയ്യാറാക്കിയതായും ഫയലിൽ കാണുന്നുണ്ട്. അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിന് നഗരസഭാ സെക്രട്ടറി നൽകിയ ഉത്തരവിനെതിരെ INTUC പ്രസിഡന്റ് ബഹു.ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതും കേസ് തുടർന്ന് വരുന്നതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണെന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. ടി കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി INTUC ജില്ലാ പ്രസിഡന്റ് 25/01/2020-ൽ നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും അപാകതകൾ നിമിത്തം 09/10/2020-ൽ നഗരസഭയിൽ നിന്ന് അപേക്ഷകർക്ക് കത്ത് നൽകിയിട്ടുള്ളതും തെറ്റായ പ്ലാൻ സമർപ്പിച്ചതിന് ലൈസൻസിയിൽ നിന്നും വിശദീകരണം വാങ്ങിയിട്ടുള്ളതുമാണ്. 04/10/2021-ൽ നഗരസഭ ബിൽഡിംഗ് ഇൻസ്പെക്ടർ സ്ഥല പരിശോധന നടത്തി ടി കെട്ടിടം അതേപോലെ നിലനിൽക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും അറിയിച്ചിട്ടുള്ളതാണ്. ശ്രീ.ജഹാംഗീർ എസ്. ആലപ്പുഴ നഗരസഭാ സെക്രട്ടറിയായി ചാർജ്ജെടുക്കുന്ന 08/02/2018 നു മുമ്പാണ് പെർമിറ്റ് നൽകിയിട്ടുള്ളതും അനധികൃത നിർമ്മാണം കണ്ടെത്തിയിട്ടുള്ളതും, പരാമർശിത കെട്ടിടം പൊളിച്ചു മാറ്റുന്നതിന് കൺഫർമേഷൻ ഉത്തരവ് നൽകിയിട്ടുള്ളതും. ആയതിനെതിരെ INTUC പ്രസിഡന്റ് നൽകിയ റിട്ട് ഹർജിയിന്മേൽ (WP (C) No.21169/2017) 28/06/2017- നു താൽക്കാലിക സ്റ്റേ ഉത്തരവ് ഉണ്ടാവുകയും തുടർന്ന് ടി കേസ് തീർപ്പായിട്ടില്ലാത്തതുമാണ്. ആയതിലേയ്ക്ക് ഹൈക്കോടതി സ്റ്റാന്റിംഗ് കൗൺസിലിന് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സും വിശദീകരണവും നൽകിയിട്ടുള്ളതായും ഫോളോ അപ്പ് ചെയ്തിട്ടുള്ളതായും ഫയലിൽ കാണുന്നുവെന്ന് കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സൂചിപ്പിച്ചിരിക്കുന്നു. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആൾമാറാട്ടം നടത്തി നഗരസഭയിൽ നിന്ന്

ഉത്തരവ് കൈപ്പറ്റിയ വ്യക്തിക്കെതിരെ IPC 419, 420 പ്രകാരം നടപടി സ്വീകരിക്കണം എന്ന് ആലപ്പുഴ സ്റ്റേഷൻ ഹൗസ് ആഫീസർക്ക് 16/05/2018-ൽ കത്ത് നൽകി കേസ് രജിസ്റ്റർ ചെയ്തതായും പോലീസ് സ്റ്റേഷനിൽ നിന്നും വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതായും ഫയലിൽ കാണുന്നുവെന്ന് റിപ്പോർട്ടിൽ പറയുന്നു. ശ്രീ. ജഹാംഗീർ എസ് നൽകിയിട്ടുള്ള മറുപടി അംഗീകരിക്കാമെന്നും കൃത്യം നടക്കുന്ന സമയത്ത് ടിയാൻ ആലപ്പുഴ നഗരസഭ സെക്രട്ടറി അല്ലാത്തതിനാലും കെട്ടിടം പൊളിച്ചു മാറ്റുന്നതിന് നിയമതടസ്സം ഉണ്ടായിരുന്നതിനാലും ആരോപണങ്ങളിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്നും മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

6. സർക്കാർ ഇക്കാര്യം, കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ ജഹാംഗീർ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദഗതികൾ വിജിലൻസ് മിന്നൽ പരിശോധനാ റിപ്പോർട്ടിന്റേയും നഗരകാര്യ ഡയറക്ടറുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 03.11.2018 കാലയളവിൽ ശ്രീ ജഹാംഗീർ എസ് ആണ് ആലപ്പുഴ നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നത്. എന്നാൽ വിഷയാസ്പദമായ INTUC കെട്ടിടത്തിന് നിർമാണാനുമതിക്കായി 25/07/2014 ൽ പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി & ഓഫീസ് സെക്രട്ടറി, ഐ.എൻ.റ്റി.യു.സി ജില്ലാ കമ്മിറ്റി എന്നതായി സമർപ്പിച്ച അപേക്ഷയിൽ റൂൾ 100 പ്രകാരം അനുമതി നൽകിയത് ടി കാലയളവിലെ അസി.എഞ്ചിനീയർ ആയ ശ്രീ.എം.എസ്.മനോജ് കുമാർ ആണെന്നും ടി കെട്ടിടം ചട്ടവിരുദ്ധമായി നിർമ്മിച്ചതായതിനാൽ ശ്രീ.എം.എസ്.മനോജ് കുമാറിന് സർക്കാരിൽ നിന്നും കുറ്റാരോപണ മെമ്മോ നൽകുകയും ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ 05/10/2018 തീയതിയിലെ സ.ഉ(സാധാ) നം.2558/18/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തുടർ നടപടികൾ ഒഴിവാക്കി കൊണ്ട് അച്ചടക്ക നടപടികൾ തീർപ്പാക്കിയിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ ഈ വിഷയത്തിൽ ശ്രീ ജഹാംഗീർ കുറ്റക്കാരനായി കണക്കാക്കാനാവില്ല.

7. മേൽ സാഹചര്യങ്ങളിൽ ആലപ്പുഴ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ജഹാംഗീർ എസ് നെതിരെ ആരംഭിച്ച അച്ചടക്ക നടപടികളിൽ തുടർ നടപടി ഒഴിവാക്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം.
ശ്രീ.ജഹാംഗീർ, സെക്രട്ടറി (ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ) മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
വിജിലൻസ് വകുപ്പ്.
ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 24-04-2023 10:23:59
സെക്ഷൻ ഓഫീസർ